അനധികൃതമായി കൈവശം വച്ചിട്ടുള്ള സർക്കാർ ഭൂമി

174(3096). ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ഏക്കർ സർക്കാർ ഭൂമി അനധികൃതമായി വ്യക്തികൾ/സ്ഥാപനങ്ങൾ തുടങ്ങിയവരുടെ കൈവശം വച്ചിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട് ; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഇവയിൽ എത്ര ഏക്കർ ഭൂമി നാളിതുവരെ തിരിച്ചു പിടിച്ചു ; ജില്ല തിരിച്ചു വ്യക്തമാക്കുമോ ;

(സി) ബാക്കിസ്ഥലം എപ്പോൾ ഏറ്റെടുക്കുവാൻ കഴിയും എന്നും എന്തു നടപടികൾ ഇതിനായി സ്വീകരിച്ചുവരുന്നുവെന്നും വ്യക്തമാക്കുമോ ;

(ഡി) എത്രഏക്കർ സർക്കാർ ഭൂമി കുത്തകപ്പാട്ട വ്യവസ്ഥ പ്രകാരം വ്യക്തികൾ/സ്ഥാപനങ്ങൾ തുടങ്ങിയവർക്ക് നൽകിയിട്ടുണ്ട് ; ഇതിലൂടെ സർക്കാരിന് കിട്ടുന്ന പ്രതിവർഷവരുമാനം എത്ര ; വ്യക്തമാക്കുമോ ;

(ഇ) കുത്തകപ്പാട്ടത്തിന്റെ കാലാവധികഴിഞ്ഞ ഭൂമി എത്രയുണ്ട് ; ജില്ല തിരിച്ച് വിശദാംശം വ്യക്തമാക്കുമോ ;

(എഫ്) കുത്തകപ്പാട്ട വ്യവസ്ഥ അനുസരിച്ച് പാട്ടത്തുകയായി സർക്കാരിന് പിരിഞ്ഞുകിട്ടാനുള്ള തുക എത്ര ;

(ജി) പാട്ടക്കുടിശ്ശിക അടയ്ക്കുന്നതിനു വീഴ്ച വരുത്തിയവരുടെ കരാർ റദ്ദാക്കി സ്ഥലം തിരിച്ചുപിടിക്കാൻ നടപടി സ്വീകരിച്ചുവോ ; വിശദാംശം ലഭ്യമാക്കുമോ ; ഈ സർക്കാർ എത്ര ഏക്കർ സ്ഥലത്തിന്റെ പാട്ടം പുതുക്കി നൽകി; എന്തുതുക നിരക്കിലാണ് ഇവ നൽകിയത് ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ; ഹാരിസൺസ് മലയാളം കമ്പനി, റവന്യൂ ഭൂമി വ്യാജരേഖകളുടെ അടിസ്ഥാനത്തിൽ കൈവശം വച്ചിട്ടുണ്ടോ ; എങ്കിൽ എത്ര ഏക്കർ ; പ്രസ്തുത ഭൂമി തിരിച്ചുപിടിച്ച് ഭൂമി ഇല്ലാത്തവർക്ക് നൽകാൻ എന്തു നടപടി സ്വീകരിക്കും ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ-ജി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly